ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഡിഫൻസ് ഡിപ്പാർട്ടമെന്റിൽനിന്ന് പെൻഷനു് ഉള്ള കോൺട്രിബ്യൂഷൻ തരികയാണെങ്കിൽ നമ്മുടെ സർവ്വീസും ആ സർവ്വീസും കൂടി കണക്കിലെടുത്തു് പെൻഷൻകൊടുക്കാമെന്നാണോ ഗവണ്മെന്റിന്റെ തീരുമാനം?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു്): ആ ഉത്തരവിന്റെ മുഴുവൻ കോപ്പിയും നോക്കിയാലേ പറയാൻ കഴിയൂ.

തമിഴ്നാട്ടു് നദീജലത്തക്കം

3. [3] ശ്രീ. കെ. എ. ശിവരാമഭാരതി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടുമായി ഉണ്ടായിരുന്ന നദീജലത്തക്കം ഒത്തുതീർപ്പിലെത്തിയതായി പത്രങ്ങളിൽ വന്ന വാർത്ത ശരിയാണോ;

(ബി) ശരിയാണെങ്കിൽ ഒത്തുതീർപ്പിലെ പ്രധാന വ്യവസ്ഥകളും വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്):

(എ) ശരിയാണു്.

(ബി) പ്രധാന വ്യവസ്ഥകൾ താഴെ പറയുന്നവയാണു്.

1. തേക്കടി ഡാം തമിഴ്നാടു് ഗവണ്മെന്റു് ഉപേക്ഷിക്കും.

2. പറമ്പിക്കുളം പെരിയാർപ്പള്ളം തുണക്കടവു് നീരാർ റിസർവ്വായറുകളിൽ നിന്നും തമിഴ്നാടു് എടുക്കുന്ന വെള്ളം 16500 മില്യൻ ക്യൂബിക് അടിയിൽ കൂടുകയില്ല.

3. ആനമലയാറിൽ നിന്നും 2500 മില്യൻ ക്യൂബിക്കടി വെള്ളം തമിഴ്നാടു് ഗവണ്മെന്റു് പറമ്പിക്കുളത്തേയ്ക്കു് തിരിച്ചുവിടും. എന്നാൽ ഇതു് കേരളഗവണ്മെന്റിന്റെ ഇടമലയാർ പദ്ധതി പൂർത്തിയായതിനുശേഷമേ അനുവദിക്കുകയുള്ളൂ.

4. പറമ്പിക്കുളം പ്രോജക്ടിൽനിന്നും തമിഴ്നാടിന്റെ വിഹിതമായ 16500 മില്യൻ ക്യൂബിക്കടി കഴിഞ്ഞുള്ള 2500 ക്യൂബിക്കടി വെള്ളം കേരളം ഉപയോഗിക്കും. ഇതിലേക്കായി കേരള ഗവർണ്മെന്റിന്റെ ചെലവിൽ തമിഴ്നാടു ഗവണ്മെന്റു് സേതുമടൈകനാലിൽ നിന്നോ സർക്കാർപാതി പവ്വർഹൗസിൽ നിന്നോ ഒരു കനാൽ വെട്ടുന്നതാണു്. ഇതുംകഴിഞ്ഞു് മിച്ചമുള്ള ജലം ചാലക്കുടിയാറിൽതന്നെ വിടുന്നതായിരിക്കും.

5. ചിറ്റൂർ താലൂക്കിലേയ്ക്കു് അളിയാറിൽനിന്നും 7250 മില്യൻ ക്യൂബിക്കടി വെള്ളം നൽകുന്നതാണു്.

6. ഭവാനി നദിയിൽ നിന്നും 2500 മില്യൻ ക്യൂബിക്കടി വെള്ളം അട്ടപ്പാടിയിലെ ജലസേചനത്തിനായി കേരളത്തിനു ലഭിക്കും. എന്നാൽ ഇതു് ശീരുവാണി റിസർവോയറിന്റെ പണി പൂർത്തിയായതിനുശേഷമായിരിക്കും.

7. പാമ്പാർ പുഴയിൽനിന്നും 600 മില്യൻ ക്യൂബിക്കടി വെള്ളം കേരളത്തിലെ ജലസേചനത്തിനുപയോഗിക്കാം.

8. ഷോളയാറിൽ നിന്നും 12300 മില്യൻ ക്യൂബിക്കടി വെള്ളം കേരളത്തിലേക്കു വിടും.

9. പറമ്പിക്കുളം തൂണക്കടവ് പദ്ധതിയിൽ നിന്നു് കേരളത്തിന്റെയും തമിഴ്നാടിന്റെയും വിഹിതമായ വെള്ളം തിരിച്ചുവിടുന്നതു സംബന്ധിച്ചു നിയന്ത്രണത്തിനും തർക്കപ്രശ്നങ്ങളുണ്ടെങ്കിൽ അവ പരിഹരിക്കുന്നും വേണ്ടി ഒരു ബോർഡു് (വാട്ടർ റഗ്ലേഷൻ ബോർഡു്) രൂപീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

10. ശീരുവാണിപ്പുഴയിൽനിന്നും 1300 മില്യൺ ക്യൂബിക്കടി വെള്ളം കോയമ്പത്തൂർ ടൗൺ വാട്ടർസപ്ലൈ സ്കീമിനു് ഉപയോഗിക്കും. ഇതുസംബന്ധിച്ച കേരളസംസ്ഥാനത്തു നടത്തേണ്ടുന്ന പണികളും തമിഴ്നാടു ഗവണ്മെന്റു ചെലവിൽ കേരളഗവണ്മെന്റു് ഏറ്റെടുത്തു നടത്തും.

11. കാബിനി നദിയെ സംബന്ധിച്ച കാര്യങ്ങളും തമിഴ്നാടു ഗവണ്മെന്റും കേരള ഗവണ്മെന്റും തമ്മിൽ വീണ്ടും ചർച്ച ചെയ്യുന്നതാണു്.

പറമ്പിക്കുളം അളിയാർ പദ്ധതിയെ സംബന്ധിച്ച കരാർ ഒപ്പുവച്ചു കഴിഞ്ഞിട്ടില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി: പറമ്പിക്കുളം—അളിയാർ പദ്ധതിയെ സംബന്ധിച്ച കരാർ....

(ഈ സമയം വിസിറേഴ്സ് ഗ്യാലറിയിൽ ഇരുന്ന ചിലർ എഴുന്നേറ്റുനിന്നു "സി. എച്ചു്. മുഹമ്മദു് കോയയുടെ അറംഗസീബു് നയം അവസാനിപ്പിക്കുക", "രാഷ്ട്രഭാഷാനയം അംഗീകരിക്കുക", "മലപ്പുറം ജില്ല റദ്ദാക്കുക", "ജനസംഖ്യം സിന്താബാദു്" മുതലായ മുദ്രാവാക്യങ്ങളും വിളിച്ചു പറകയും നോട്ടീസുകളും സഭാഹാളിന്റെ വിവിധ ഭാഗങ്ങളിലേയ്ക്കു വിതറുകയും ചെയ്തു. അവരെ ഉടൻതന്നെ നീക്കം ചെയ്തു.)

ശ്രീ. കെ. എ. ശിവരാമഭാരതി: പറമ്പിക്കുളം—ആളിയാർ പദ്ധതിയെ സംബന്ധിച്ച കരാർ ഒപ്പുവയ്ക്കാൻ താമസിക്കുന്നതുകൊണ്ടു് നമുക്കു കിട്ടേണ്ടതായ വെള്ളം കിട്ടാതെ വരുന്നുണ്ടെന്നും അതുമൂലം പല വൈഷമ്യങ്ങളും ഉണ്ടാകുന്നുണ്ടെന്നും ഉള്ള വിവരം ഗവണ്മെൻറിനറിയാമോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്: ബഹുമാനപ്പെട്ട മെമ്പർക്കറിയാവുന്നതുപോലുള്ള പല വൈഷമ്യങ്ങളുമുണ്ടു്. അതുകൊണ്ടാണു് ഈ പ്രശ്നം കഴിയുന്നതും വേഗം പരിഹരിക്കാൻ തീരുമാനിച്ചതു്.

ശ്രീ. കെ. എ. ശിവരാമഭാരതി: കുറിയാർകുട്ടി പദ്ധതിയെ സംബന്ധിച്ചു്, ഒന്നും പറയുന്നില്ല. അതു സംബന്ധിച്ച വല്ല കരാറും ഉണ്ടാക്കിയിട്ടുണ്ടോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്: ഒപ്പുവച്ചിട്ടില്ലെന്നു പറഞ്ഞതിന്റെ അർത്ഥം ഒപ്പു വയ്ക്കുകയില്ലെന്നല്ല. അതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണു്.

ശ്രീ. കെ. എ. ശിവരാമഭാരതി: കുറിയാർകുട്ടി പദ്ധതി സംബന്ധിച്ച കരാർ എന്നു നടപ്പിൽ വരുമെന്നു പറയാൻ തയ്യാറാകുമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്: ഒപ്പുവച്ചുകഴിഞ്ഞാൽ അതു നടപ്പാക്കുകയുള്ളൂ.

ശ്രീ. എ. പി. കുര്യൻ: ഈ കരാറിന്റെ അടിസ്ഥാനത്തിൽ ചാലക്കുടി ആറിയായിൽ വെള്ളം കിട്ടാതെവരുമെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു്: അതിന്റെ പൂർണ്ണമായ വിശദാംശങ്ങളും എനിക്കു പറയാൻ സാധിക്കുകയില്ല. അങ്ങനെ വരികയില്ലെന്നാണു് എന്റെ പ്രതീക്ഷ.

ശ്രീ. പി. രാമുണ്ണി: തമിഴ്നാടുമായി ഉണ്ടാക്കിയ കരാർ കേരളത്തിനു മാത്രമാണു് ഗുണമുണ്ടാക്കിയിട്ടുള്ളതെന്നു് കാമരാജിനെ പോലുള്ള ഉന്നത കോൺഗ്രസ് നേതാക്കന്മാർ പറഞ്ഞപ്പോഴും അതിനെതിരായി നമ്മുടെ ഗവണ്മെന്റു് ഒരു പ്രസ്താവന പുറപ്പെടുവിച്ചതെന്തിനാണു് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ആ പ്രസ്താവന സത്യമല്ലാത്തതുകൊണ്ടുതന്നെ. രണ്ടു സം സ്ഥാനങ്ങൾതമ്മിൽ ചർച്ച ചെയ്ത് എടുത്ത ഒരു തീരുമാനം ഒരു സ്റ്റേറ്റിനു മാത്രം ഗുണകരമായിട്ടുള്ളതാണെന്നു പറയുന്നതു ശരിയല്ല. അതു കേരള സ്റ്റേറ്റിനുമാത്രം ഗുണമുള്ളതാണെന്നു പറയുന്നതു് രാഷ്ട്രീയോദ്ദേശത്തോടുകൂടി മാത്രമാണു്.

ശ്രീ. കെ. എം. ജോർജ്ജ്: നമ്മുടെ നദിയിലെ ജലത്തെ സംബന്ധിച്ചു് മദിരാശി ഗവണ്മെൻറുമായി ഒരു ധാരണയിൽ എത്തിയപ്പോൾ നമുക്കാവശ്യമായ ക്ഷേത്രസാധനങ്ങൾ തരുന്നതിനെപ്പറ്റി വല്ല തീരുമാനവും എടുത്തിട്ടുണ്ടോ ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: ഇതു് വെള്ളം വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നതുസംബന്ധിച്ചുള്ള കരാറാണു്. ഈ കരാറുമായിട്ടു് ക്ഷേത്രവും മറ്റും പലകാര്യങ്ങളും ബന്ധപ്പെടുത്തുകയാണെങ്കിൽ എന്തെങ്കിലും ഒരു തീരുമാനമുണ്ടാകാൻ വളരെ കാലതാമസമുണ്ടാകും. അങ്ങനെ നീണ്ടുപോകുന്നതുകൊണ്ടുള്ള വിഷമം ബഹുമനപ്പെട്ട മെമ്പർക്കും അറിയാം. അതുകൊണ്ടു് ഓരോകാര്യവും ഓരോന്നായിതന്നെ എടുക്കണം.

ശ്രീ. ജി. ഗോപിനാഥൻപിള്ള: വാട്ടർ റഗുലേഷൻ ബോർഡു് എന്ന നിലവിൽ വരുമെന്നു പറയാമോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഈ കരാർ ഒപ്പുവച്ചുകഴിഞ്ഞതിനു ശേഷമേ നിലവിൽ വരികയുള്ളു.

ശ്രീ. കെ. കരുണാകരൻ: തമിഴ് നാടുമായി ഇപ്പോഴുണ്ടാക്കിയിട്ടുള്ള കരാറിനു് പശ്ചാത്തലം ഒരുക്കിയതു് ഇന്നുള്ള എഞ്ചിനീയറന്മാരുടെ അഭിപ്രായം വച്ചുകൊണ്ടാണോ, അതോ ഇതിനുമുമ്പുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും റിപ്പോർട്ടുകളും കൂടി കണക്കിലെടുത്തുകൊണ്ടാണോ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: ഇതിനെ സംബന്ധിച്ച ചർച്ചകൾ കുറേക്കാലമായി നടന്നുവരികയാണു്. ഇതു സംബന്ധിച്ചു് വളരെയധികം റിപ്പോർട്ടുകളുണ്ടു്. അതിന്റെ തുടർച്ചയും അവസാന ഘട്ടവുമാണു് ഇപ്പോൾ ഒപ്പിടാൻ പോകുന്ന കരാർ.

ശ്രീ. ടി. കെ. കൃഷ്ണൻ: കേരളത്തിൽ സ്ഥിതിചെയ്യുന്ന ഈമാതിരി പ്രോജക്ടുകളുടെ അഡ്മിനിസ്ട്രേറ്റീവു് കൺട്രോൾ ആരുടെ കീഴിലായിരിക്കുമെന്നു് തീരുമാനം ചെയ്തിട്ടുണ്ടോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ചില പ്രോജക്ടുകളെ സംബന്ധിച്ചു് ഇതിൽ വ്യക്തമായിട്ടു പറഞ്ഞിട്ടുണ്ടു്. ഇന്ന പ്രോജക്ടിന്റെ കാര്യത്തിൽ ഇന്ന ആൾക്കു് കൺട്രോൾ എന്നു പറഞ്ഞിട്ടുണ്ടു്. അവസാനമായിട്ടു് ഒപ്പുവയ്ക്കാൻപോകുന്ന കരാറിൽ തർക്കമുണ്ടാകാതിരിക്കാൻവേണ്ടി ചില ജോയിൻറു് മെഷീനറി ഏർപ്പാടുണ്ടാക്കുകയും ചെയ്യുന്നതാണു്.

ശ്രീ. കെ. കരുണാകരൻ: ഇതുസംബന്ധിച്ച രേഖകൾ മേശപ്പുറത്തു വയ്ക്കുമോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഏതാണ്ടു് പത്തിരുപതു കൊല്ലക്കാലത്തെ കത്തിടപാടുകൾവരെ കാണും. ഇതെല്ലാം മേശപ്പുറത്തു വയ്ക്കുക പ്രയാസമാണു്.

ശ്രീ. കെ. കരുണാകരൻ : മുഴുവൻ പേപ്പറും വേണ്ട, ഈ കരാറുകളും വ്യവസ്ഥകളുമായി ബന്ധപ്പെട്ട പേപ്പറുകൾ മാത്രമെങ്കിലും മേശപ്പുറത്തു വയ്ക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : കരാർ ഒപ്പുവച്ചുകഴിഞ്ഞിട്ട് മേശപ്പുറത്തുവയ്ക്കേണ്ട ഘട്ടത്തിൽ വയ്ക്കാം.

ശ്രീ. കെ. എം. ജോർജ്ജ് : ജലത്തേസംബന്ധിച്ച ചർച്ചയിൽ എലക്ട്രിസിറ്റി ഉല്പാദനത്തെസംബന്ധിച്ച് എന്തെങ്കിലും കരാർ ഉണ്ടായിട്ടുണ്ടോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : ഈ കരാറുമായിട്ട് അതിനു ബന്ധമില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ : അട്ടപ്പാടിയിൽ വരഗാഗിയിൽ വെള്ളംകിട്ടാൻ വല്ല ഏർപ്പാടും ഉണ്ടാക്കിയിട്ടുണ്ടോ ?

ശ്രീ. ഇ എം. ശങ്കരൻ നമ്പൂതിരിപ്പാട് : ഓരോന്നായിട്ട് പ്രത്യേകം ചോദിച്ചാൽ മറുപടി പറയാൻ പ്രയാസമാണ്.

ശ്രീ. ബി. മാധവൻനായർ : സംസ്ഥാനഗവണ്മെന്റ് ഉണ്ടാക്കിയിട്ടുള്ള ഈ കരാർ നമ്മുടെ മന്ത്രിസഭ ചർച്ചചെയ്തിട്ടുണ്ടോ, ഇല്ലെങ്കിൽ കാരണമെന്ത് ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : ഇതുമായി ബന്ധപ്പെട്ട മന്ത്രിമാരെല്ലാം വരുംകൂടിയാണ് ഈ പ്രശ്നം ചച്ചചെയ്തിട്ടുള്ളതു്. ദക്ഷിണ മേഖലാ കൗൺസിലുമായി ചർച്ച നടന്നപ്പോഴും ഇതുമായി ബന്ധപ്പെട്ട മന്ത്രിമാർ, ശ്രീ ദിവാകരൻ, ഇറിഗേഷൻ മന്ത്രി, എലക്ട്രിസിറ്റിമന്ത്രി, ധനകാര്യമന്ത്രി, മുഖ്യമന്ത്രി മുതലായവർ പങ്കെടുത്തിരുന്നു.

ശ്രീ. ബി. മാധവൻനായർ : ഈ കരട് എഗ്രിമെന്റിന്റെ കാര്യം മദിരാശി ഗവണ്മെന്റിന്റെ മന്ത്രിസഭ ചർച്ചചെയ്തതായി പത്രത്തിൽ കാണുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തിന്റെ ഭാവിയെ ബാധിക്കുന്ന ഒരു പ്രശ്നമെന്നുള്ള നിലയിൽ നമ്മുടെ മന്ത്രിസഭയും ഇതിനേസംബന്ധിച്ച് ഒരു കൂട്ടായ ചർച്ചനടത്താൻ തയ്യാറാകുമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : അതു് ക്യാബിനറ്റിന്റെ റൂൾസ് ആഫ് ബിസിനസ്സനുസരിച്ച് ചെയ്യേണ്ട കാര്യമാണ്.

ശ്രീ. കെ. എ. ശിവരാമഭാരതി : വ്യവസ്ഥകളെല്ലാം ഒപ്പുവച്ചിട്ടില്ലെന്നു പറയുകയും അട്ടപ്പാടിയിൽ വരയാർ പ്രദേശത്തെ വെള്ളത്തെ സംബന്ധിച്ചിടത്തോളം ഇന്നും തീരുമാനമാകാതിരിക്കുകയും ചെയ്യുന്ന പരിതസ്ഥിതിയിൽ അതിനെസംബന്ധിച്ച് ഈ നിയമസഭയ്ക്കുള്ള അഭിപ്രായം രേഖപ്പെടുത്താൻ ഒരു അവസരം നൽകുമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : മറ്റൊരു സ്റ്റേറ്റുമായി ഏർപ്പാടുകൾ നടന്നു. ആ കാര്യം സൂക്ഷ്മമായി പരിശോധിക്കുകയും മറ്റേ സ്റ്റേറ്റുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയുമാണ്. അതിനുപുറമേ സെൻട്രൽ വാട്ടർ ആൻറ് പവ്വർ കമ്മീഷനുമായും ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ ചർച്ചകൾക്കിടയ്ക്ക് ഈ സഭയിൽ ഒന്നിലധികം തവണ ഉണ്ടായ അഭിപ്രായങ്ങളും വികാരങ്ങളും കണക്കിലെടുക്കാനും കഴിഞ്ഞിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ പ്രസ്താവന

4. [5] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി
,, കെ. ജി. കുഞ്ഞുകൃഷ്ണപിള്ള
} താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഐക്യമുന്നണി ഗവണ്മെന്റിന്റെ ലക്ഷ്യം ജനങ്ങൾക്ക് ആശ്വാസം നൽകലല്ലെന്നും ജനങ്ങളിൽ അസംതൃപ്തിയും, നിരാശയും വളർത്തി അതുവഴി ഇൻഡ്യൻ ഭരണഘടന തകർക്കുകയും, ഒരു സായുധവിപ്ലവം നടത്തുകയുമാണെന്നും മുഖ്യമന്ത്രി 1969 ജൂലൈ 7-ാംതീയതി ഒരു പ്രസ്താവന പ്രസിദ്ധപ്പെടുത്തുകയുണ്ടായോ ;